**ജില്ല വിദ്യാഭ്യാസപരിശീലന കേന്ദ്രം തിരുവനന്തപുരം**

# പത്താം ക്ലാസിലെ കുട്ടികൾക്കുള്ള വിലയിരുത്തൽ ഉപാധി 2022 ഫെബ്രുവരി

## മലയാളം – അടിസ്ഥാനപാഠാവലി

**(ഒന്നാം ഭാഷ പാർട്ട് – 2)**

സമയം : 1½ മണിക്കൂർ | ആകെ സ്കോർ : 40

---

**പൊതുനിർദേശങ്ങൾ.**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം ഉപയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസിലാക്കിയശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**പാർട്ട് 1**

**A. 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. (1 സ്കോർ വീതം)**

1. "അത് കണ്ണ് തണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു". (പ്ലാവിലക്കഞ്ഞി)

ഏതാണ് ആ കാഴ്ച?

* ചിരുതയും കോരന്റെ പിതാവും ഒരുമിച്ചിരിക്കുന്നത്     * രാത്രി നടക്കുന്ന നെല്ല് വ്യാപാരം

* ചിരുത കഞ്ഞികുടിക്കുന്ന കാഴ്ച     * മറ്റു വേലക്കാർ വള്ളത്തിൽ കയറിയ കാഴ്ച

2. "നീരറ്റുവറ്റിവരണ്ട കൈച്ചുള്ളികൾ" (അമ്മത്തൊട്ടിൽ)

'കൈച്ചുള്ളികൾ' എന്ന പ്രയോഗത്തിന്റെ സവിശേഷാർത്ഥം എഴുതുക.

* കൈകളുടെ ഭംഗി     * കയ്യിലിരിക്കുന്ന ചുള്ളികൾ

* ക്ഷീണിച്ച ശരീരം     * ആകർഷകമായ വ്യക്തിത്വം

3. 'പൂത്തിരികത്തിച്ചതുപോലെയുള്ള മാമ്പൂക്കുല ഒടിച്ച് കുസൃതിക്കുട്ടനെപ്പോലെ കവിതാങ്കണത്തിലേക്ക് ഓടിയെത്തിയ വൈലോപ്പിള്ളി' - (കൊച്ചുചക്കരച്ചി)

ഇവിടെ സൂചിതമാകുന്ന കൃതി ഏത്?

* കന്നിക്കൊയ്ത്ത്   * മാമ്പഴം   * മാമ്പഴക്കാലം   * പൂതപ്പാട്ട്

4. 'പൊൽക്കിഴിയെരിയും വെള്ളിത്താലമെടുത്തു-

നിരന്നുലസിച്ചത്' - (ഓണമുറ്റത്ത്)

* തുമ്പകൾ   * മുക്കുറ്റികൾ   * കവുങ്ങുകൾ   * നെയ്യാമ്പലുകൾ

5. *'ഉലകിലൊരാനയിലന്ധരെന്നപോലെ'*

ഘടകപദങ്ങളാക്കുക.

6. അർത്ഥവ്യത്യാസമില്ലാതെ ഒറ്റ വാക്യമാക്കുക.

*വല്യമ്മ എഴുന്നേറ്റ് മുറ്റത്തേക്കിറങ്ങി. മത്തായി പടിയ്ക്കുവെളിയിൽ ചാടി.*     (4 × 1 = 4)

**B. 7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. (1 സ്കോർ വീതം)**

7. "ബയനറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണ്." (പത്രിനീതി)

എന്നു പറഞ്ഞതാര്?

* ജഫേഴ്സൺ   * നെപ്പോളിയൻ   * ഓസ്കർ വൈൽഡ്   * സുകുമാർ അഴിക്കോട്

8. "എന്റെ കണക്കൊക്കെ തെറ്റീലോ മത്തായി മൂപ്പരേ" (പണയം)

ഈ വരികളിൽ തെളിയുന്ന ഭാവം.

* പരിഹാസം   * ആഹ്ലാദം   * ദുഃഖം   * ആശ്ചര്യം

9. പിരിച്ചെഴുതുക (3 × 1 = 3)

*ചിന്മുദ്ര*

**പാർട്ട് 2**

**A. ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ)**

10. "മൂപ്പരെങ്ങോട്ടുപോയി? ഞാൻ പറയും പോയീന്ന്. പോയില്ലാന്ന് എനിക്കല്ലേ അറിയൂ" (ഓരോവിളിയും കാത്ത്).

അടിവരയിട്ടിരിക്കുന്ന പദത്തിന്റെ അർത്ഥവ്യത്യാസം എഴുതുക. (1 × 2 = 2)

**B. 11 മുതൽ 12 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. (2 സ്കോർ)**

11. "നാദമായി വന്നെന്റെ നാവിലെത്തേനായി
നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ" (അമ്മയുടെ എഴുത്തുകൾ)
'ഉള്ളെഴുത്തുകൾ' എന്ന പ്രയോഗം ധ്വനിപ്പിക്കുന്ന ആശയം എഴുതുക.

12. "പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം, അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്" - (പത്രനീതി)

ഈ പ്രസ്താവന നൽകുന്ന രണ്ട് സൂചനകൾ എഴുതുക. (1 × 2 = 2)

**പാർട്ട് 3**

**A. 13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. (3 സ്കോർ വീതം)**

13. "അരിയിട്ടു തിളപ്പിച്ച കഞ്ഞി കുടിക്കണം - അവസാനത്തെ ആഗ്രഹം"

കർഷക ജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് 'പ്ലാവിലക്കഞ്ഞി'യിൽ പ്രതിഫലിക്കുന്നത്?

14. 'മനസിന്റെ ക്ലാവു പിടിച്ച കണ്ണാടിയിലൂടെ

അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു.' (ഓരോ വിളിയും കാത്ത്)

'ക്ലാവു പിടിച്ച കണ്ണാടി' എന്ന പ്രയോഗത്തെ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

15. 'അപ്പോൾ നമ്മുടെ വേരുകളോ?

അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ' (വേരുകൾ)

മനുഷ്യന്റെ വേരുകൾ ഭൂമിയിലാണെന്നു പറയുന്നതിന്റെ ഔചിത്യം പരിശോധിക്കുക.

16. "കൊച്ചുചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തുവരുത്തുകയില്ല" (കൊച്ചുചക്കരച്ചി)

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് ഇവിടെയുള്ളത്? (3 × 3 = 9)

**B. ചുവടെ കൊടുത്തിരിക്കുന്ന ചോദ്യത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക.**

**(3 സ്കോർ വീതം)**

17. "പത്രത്തെ എതിർക്കേണ്ടിവന്നാൽ ആ എതിർപ്പിനുപോലും പ്രചാരം വേണമെങ്കിൽ പത്രത്തെത്തന്നെ ആശ്രയിക്കണം. പത്രമെന്ന വിരോധാഭാസം ഇതത്രേ" - (പത്രനീതി)
സുകുമാർ അഴീക്കോടിന്റെ ഈ അഭിപ്രായം യുക്തിപൂർവം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക. (1 × 3 = 3)

**പാർട്ട് 4**

**A. 18 മുതൽ 20 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ)**

18. "ഒരു ചട്ടിയുടെ ഇരുവശവുമായി ഭാര്യയും ഭർത്താവും ഇരുന്നു. അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞികുടിച്ചു തുടങ്ങി" (പ്ലാവിലക്കഞ്ഞി)

ജീവിതത്തിലെ ഇല്ലായ്മകളെ സ്നേഹംകൊണ്ട് അതിജീവിക്കുകയാണ് കോരനും ചിരുതയും. സമർത്ഥിക്കുക.

19. “നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു-
മോണക്കോടിയുടുത്തൊരുഷസ്സേ”
(ഓണമുറ്റത്ത്)

ഈ വരികളിലെ ചമൽക്കാരഭംഗി വിശദമാക്കുക.

20. “അത് മത്തായിയുടെ തലച്ചോറിനകത്തു ചിക്കുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു.” “അങ്ങനെ മുകളിൽ നിന്നു കീഴോട്ടൂർന്നിറങ്ങുന്ന മാർക്കോസും താഴെ നിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായിരുന്നു.” (കോഴിയും കിഴവിയും)

മുകളിൽ തന്നിരിക്കുന്ന ഭാഗങ്ങൾ വിശകലനം ചെയ്ത് കഥയുടെ ആഖ്യാനശൈലിയുടെ സവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക. (2 × 4 = 8)

**B. 21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ)**

21. ‘പണയം’ എന്ന കഥയിൽ റേഡിയോ ഒരു കഥാപാത്രമാണ് – ഈ നിരീക്ഷണം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

22. ‘മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷ താൻ’ (വള്ളത്തോൾ)
‘അമ്മയുടേതാമെഴുത്തുകളൊക്കെയും
അമ്മയായ്ത്തന്നെയിരിക്കട്ടെയെപ്പൊഴും’ (വി.മധുസൂദനൻ നായർ)
മാതൃഭാഷയെക്കുറിച്ചുള്ള രണ്ട് കവികളുടേയും അഭിപ്രായം താരതമ്യം ചെയ്യുക. (1 × 4 = 4)

## പാർട്ട് 5

**A. 23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ)**

23. “പീളയടിഞ്ഞ് നിറംപോയ കണ്ണുക-
ളെന്തേയടയ്ക്കാതെ വച്ചമ്മ നിർദയം”
‘അമ്മത്തൊട്ടിൽ’ എന്ന കവിതയുടെ ബിംബകൽപനകൾ, ചമൽക്കാരഭംഗി, കാലികപ്രസക്തി എന്നിവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

24. “മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി.”
“അവനവനാത്മ സുഖത്തിനാചരിക്കുന്നവ-
യപരന്നു സുഖത്തിനായ് വരേണം” (ശ്രീനാരായണഗുരു)
*ഗുരു ദർശനങ്ങളുടെ സമകാലികപ്രസക്തി* എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക. (1 × 5 = 5)